# കുടുംബശ്രീ വാർത്താപത്രിക

കേരള സർക്കാർ
തദ്ദേശസ്വയംഭരണ വകുപ്പ്

ലക്കം 59 | 2014 ജൂൺ | www.kudumbashree.org


### സുരക്ഷിത പണമിടപാടിനായി കുടുംബശ്രീ കൂട്ടായ്മ– ബഹുജന സാമ്പത്തിക സാക്ഷരത പരിപാടി

## കുടുംബശ്രീ സാമൂഹ്യതിന്മകൾക്കെതിരെ പോരാടുന്ന ശക്തി: ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല



*ആഭ്യന്തര വകുപ്പും കുടുംബശ്രീയും സംയുക്തമായി നടപ്പാക്കുന്ന ബഹുജന സാമ്പത്തിക സാക്ഷരത പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് മലയിൻകീഴിൽ ആഭ്യന്തര വകുപ്പ് മന്ത്രി രമേശ് ചെന്നിത്തല നിർവഹിക്കുന്നു*

ബ്ളേഡ് പലിശയിൽ അകപ്പെട്ട് കൂട്ട ആത്മഹത്യകൾ പെരുകുന്ന അവസരത്തിൽ സംസ്ഥാനത്തെ നാൽപത് ലക്ഷം അയൽക്കൂട്ട കുടുംബാംഗങ്ങളെ ബോധവൽക്കരിക്കുന്നതിനു വേണ്ടി മുന്നിട്ടിറങ്ങിയ കുടുംബശ്രീ സാമൂഹ്യതിൻമകൾക്കെതിരെ പോരാടുന്ന ശക്തിയാണെന്ന് ആഭ്യന്തര വകുപ്പ് മന്ത്രി രമേശ് ചെന്നിത്തല. ഇത്തരം സാമൂഹ്യ വിപത്തുകൾക്കെതിരെ കുടുംബശ്രീ പോരാടണമെന്നും മന്ത്രി പറഞ്ഞു. ആഭ്യന്തര വകുപ്പും കുടുംബശ്രീയും സംയുക്തമായി നടപ്പാക്കുന്ന ബഹുജന സാമ്പത്തിക സാക്ഷരത പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് മലയിൻകീഴിൽ നിർവഹിക്കുകയായിരുന്നു മന്ത്രി.

കുടുംബശ്രീയുടേത് ഒരു വലിയ സാമൂഹ്യ മുന്നേറ്റമാണ്. സംസ്ഥാനത്തെ സാധാരണക്കാരായ ജനങ്ങളെ ആത്മഹത്യയിലേക്കു നയിക്കുന്ന ബ്ളേഡ് മാഫിയായെ അമർച്ച ചെയ്യാനുള്ള സർക്കാരിന്റെ പരിശ്രമങ്ങൾക്ക് കുടുംബശ്രീ കൂട്ടായ്മ നൽകുന്ന പിന്തുണ അതാണ് വ്യക്തമാക്കുന്നത്. ബ്ളേഡ് മാഫിയായുടെ കുരുക്കിൽ പെട്ട് തകരുന്ന കുടുംബങ്ങൾ അനവധിയാണ്. ഇതിന്റെ കെടുതികളും ദുരന്തങ്ങളും അനുഭവിക്കേണ്ടി വരുന്നത് പാവപ്പെട്ട സ്ത്രീകളും. ഇതിനെതിരെ കേരളത്തിലെ നാൽപത് ലക്ഷം സ്ത്രീകളെ പങ്കെടുപ്പിച്ചു കൊണ്ട് സാധാരണക്കാർക്കിടയിൽ സാമ്പത്തിക സാക്ഷരതയും അവബോധവും നൽകുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് മന്ത്രി വ്യക്തമാക്കി.

പാവപ്പെട്ടവരുടെ ദാരിദ്ര്യം ചൂഷണം ചെയ്യുന്നവരാണ് വട്ടിപ്പലിശക്കാർ. തിരിച്ചടവിനു നിവൃത്തിയില്ലാതെ വരുന്നതോടെ പാവപ്പെട്ട കുടുംബങ്ങൾ തകർന്ന് അവർ ആത്മഹത്യ ചെയ്യുന്നു. ഈ അവസ്ഥ ഒഴിവാക്കണം. അതിനായി സാധാരണക്കാരന്റെ വിവിധങ്ങളായ ആവശ്യങ്ങൾക്ക് വായ്പകൾ ലഭിക്കുന്നതിന് റിസർവ് ബാങ്കിന്റെ നിയന്ത്രണത്തിനും നിബന്ധനകൾക്കും വിധേയമായി പ്രവർത്തിക്കുന്ന ബാങ്കുകളെ ആശ്രയിക്കണമെന്ന് മന്ത്രി പറഞ്ഞു. കടക്കെണിയിലേക്ക് വീഴാതിരിക്കാൻ ഓരോരുത്തരും സ്വന്തം വരുമാനമറിഞ്ഞ് ജീവിക്കണം. കടക്കെണിയിലേക്ക് നയിക്കുന്ന ആഡംബരങ്ങളും ധൂർത്തും പൂർണമായും ഒഴിവാക്കുകയും വേണം. ഇതിനായി കുടുംബശ്രീയുടെ പിന്തുണയോടെ സംസ്ഥാനമൊട്ടാകെ നടപ്പാക്കുന്ന ബഹുജന സാമ്പത്തിക സാക്ഷരത പരിപാടി ഒരു വലിയ ജനകീയ മുന്നേറ്റമായിരിക്കുമെന്ന് മന്ത്രി വ്യക്തമാക്കി.

സ്കൂൾപരിസരങ്ങളിൽ വിദ്യാർത്ഥികളെ ലക്ഷ്യമിട്ടു മദ്യവും മയക്കുമരുന്നും ഉൾപ്പെടെയുള്ള ലഹരി പദാർത്ഥങ്ങൾ വിൽക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമെന്നും ആഭ്യന്തര മന്ത്രി വ്യക്തമാക്കി.

സ്ത്രീകളെ സാമ്പത്തികമായി ശാക്തീകരിച്ചതിലൂടെ അവർക്ക് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കടന്നു വരാൻ കഴിഞ്ഞിട്ടുണ്ടെന്നും കേരളത്തിൽ വലിയ അളവിൽ സാമൂഹ്യമാറ്റങ്ങൾ ഉണ്ടാക്കാൻ അതു വഴി സാധിച്ചിട്ടുണ്ടെന്നും നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ എൻ.ശക്തൻ അദ്ധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു.

ബ്ളേഡ് പലിശക്കാരുടെ കെണിയിൽ വീണ് ജീവിതം തകരുമ്പോൾ അതിന്റെ ദുരന്തങ്ങൾ ഏറ്റവുമധികം അനുഭവിക്കേണ്ടി വരുന്നത് സ്ത്രീകളാണെന്നും അതുകൊണ്ടു തന്നെ സർക്കാർ നടപ്പാക്കുന്ന ഓപ്പറേഷൻ കുബേര സ്ത്രീകൾക്കു വേണ്ടിയുള്ള വിപ്ളവമാണെന്നും പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ.എം.കെ.മുനീർ പറഞ്ഞു. കേരളത്തിലെ എല്ലാ പഞ്ചായത്തുകളും സ്ത്രീ-ശിശു സൗഹൃദ പഞ്ചായത്തുകളാക്കി മാറ്റുകകയാണ് ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു. കുടുംബശ്രീ സ്ത്രീ പദവി സ്വയം പഠന പ്രക്രിയ-മൂന്നാം ഘട്ടം ഉദ്ഘാടനവും കൈപ്പുസ്തക പ്രകാശനവും മന്ത്രി നിർവഹിച്ചു.



*കുടുംബശ്രീ 'സ്ത്രീ പദവി സ്വയം പഠന പ്രക്രിയ-മൂന്നാം ഘട്ടം' ഉദ്ഘാടനവും കൈപ്പുസ്തക പ്രകാശനവും പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ.എം.കെ.മുനീർ നിർവഹിക്കുന്നു*

മലയിൻകീഴ് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അനിത.എൽ സ്വാഗതം പറഞ്ഞു. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ കെ.ബി വത്സലകുമാരി പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ഔപചാരിക ബാങ്കിംഗ് സംവിധാനത്തിന്റെ

പേജ് 2 കാണുക

### ആജീവിക സ്കിൽസ്: ജില്ലാതല ഉദ്ഘാടനം

ഗ്രാമീണ മേഖലയിലെ നിർദ്ധന യുവതീ-യുവാക്കൾക്കായി ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ കീഴിൽ കുടുംബശ്രീ മുഖേന നടപ്പാക്കുന്ന ആജീവിക സ്കിൽസിന്റെ ജില്ലാതല ഉദ്ഘാടനം മലപ്പുറത്ത് ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് പി.കെ.കുഞ്ഞു നിർവഹിച്ചു.ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ മുഹമ്മദ് ഇസ്മായിൽ അദ്ധ്യക്ഷത വഹിച്ചു.

അസി.ജില്ലാമിഷൻ കോ-ഓർഡിനേറ്റർ ഹഫീസ് ഷാഹി സ്വാഗതം പറഞ്ഞു. ആജീവിക സ്റ്റേറ്റ് കൺസൾട്ടന്റ് ഷിബു എൻ.പി പദ്ധതി വിശദീകരണം നടത്തി. പി.പുഷ്പവല്ലി ടീച്ചർ, കഴുങ്ങൽ സുഹറ, സി.കെ.എ റസാഖ് എന്നിവർ ആശംസാ പ്രസംഗം നടത്തി. സുനിൽ പി.കെ. കൃതജ്ഞത പറഞ്ഞു.

### കുഞ്ഞമ്മച്ചേച്ചി




**അയൽക്കൂട്ട അംഗങ്ങളുടെ കുട്ടികൾക്ക് സ്കോളർഷിപ് ലഭിക്കുന്ന കുടുംബശ്രീ സ്ത്രീ സുരക്ഷാ ബീമാ യോജന ഇൻഷുറൻസ് പദ്ധതിക്ക് സംസ്ഥാനത്ത് തുടക്കമായി**

### കാർഷിക മേഖലയിൽ കുടുംബശ്രീയുടെ നവീന മുന്നേറ്റം:

## ഉൽപാദകരുടെ കൂട്ടായ്മയുമായി പ്രൊഡ്യൂസർ കമ്പനി

കാർഷിക-മൃഗസംരക്ഷണ മേഖലയിലെ ഉൽപാദകർക്ക് ഉൽപാദനം മുതൽ വിപണനം വരെയുള്ള വിവിധ ഘട്ടങ്ങളെ മൂല്യ ശൃംഖലയായി മാറ്റുന്നതിനും അതു വഴി സുസ്ഥിര വരുമാനം ഉറപ്പാക്കുന്നതിനുമായി സംസ്ഥാനത്ത് പ്രൊഡ്യൂസർ കമ്പനികൾ രൂപീകരിക്കുന്നു. കുടുംബശ്രീയുടെയും നബാർഡിന്റെയും സംയുക്ത നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നത്.

കാർഷിക-മൃഗസംരക്ഷണ മേഖലയിൽ വൻമുന്നേറ്റത്തിനു വഴി തുറന്നു കൊണ്ടാണ് സംസ്ഥാനത്ത് കുടുംബശ്രീയുടെ നേതൃത്വത്തിൽ പ്രൊഡ്യൂസർ കമ്പനികൾ രൂപീകരിക്കുന്നത്. ഇതു പ്രകാരം കണ്ണൂരിലെ ആട്ഗ്രാമം, ഇടുക്കിയിലെ ക്ഷീരസാഗരം, മലപ്പുറത്തെ സംഘകൃഷി, കാസർകോട്ടെ സഫലം-കശുവണ്ടി സംസ്ഥാനതലത്തിൽ ന്യൂട്രിമിക്സ് എന്നീ പദ്ധതികൾക്കു വേണ്ടിയാണ് ആദ്യം പ്രൊഡ്യൂസർ കമ്പനികൾ രൂപീകരിക്കുക.

സംസ്ഥാനത്തെ വിവിധ കാർഷികമേഖലകളിൽ ഉൽപാദകരായി പ്രവർത്തിക്കുന്നവർ ഒരുമിച്ചു ചേർന്ന് അതത് രംഗത്തെ പ്രൊഡ്യൂസർ കമ്പനി രൂപീകരിക്കാനാകും. ഈ വിധത്തിൽ രൂപീകരിക്കുന്ന ഉൽപാദക കൂട്ടായ്മയിലൂടെ തങ്ങളുടെ ഉൽപന്നങ്ങൾ ഒരുമിച്ച് വിപണനം ചെയ്യുമ്പോൾ നേരിട്ട് ന്യായവില ഉറപ്പിക്കാൻ കർഷകർക്ക് സാധിക്കുന്നു. അതോടൊപ്പം തന്നെ സംരംഭകർക്ക് ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി തങ്ങളുടെ ഉൽപന്നങ്ങൾക്ക് മെച്ചപ്പെട്ട വില നേടാനുമാകും. ഉപഭാക്താക്കൾക്ക് ഉൽപാദകരുടെ പക്കൽ നിന്നും ഗുണനിലവാരമുള്ള ഉൽപന്നങ്ങൾ ന്യായമായ വിലക്ക് ലഭ്യമാകുന്നതോടെ ഉൽപാദകനും ഉപഭാക്താവും തമ്മിലുള്ള അകലം കുറയ്ക്കാനും കൂടുതൽ വിപണന സാധ്യതകൾക്ക് വഴി തുറക്കുകയും ചെയ്യും.

കമ്പനി ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്യുന്ന പ്രൊഡ്യൂസർ കമ്പനിയിൽ വർഷം ഇരുനൂറു പേർക്ക് അംഗമാകാൻ കഴിയും. മിനിമം പത്തു പേരെങ്കിലും ഉണ്ടായിരിക്കണം എന്നതാണ് വ്യവസ്ഥ. കാർഷിക-മൃസംരക്ഷണ മേഖലകളിലെ ഉൽപാദനം, വിളവെടുപ്പ്, സംഭരണം, ഗുണ നിലവാരം ഉറപ്പു വരുത്തൽ, ഉൽപാദക കൂട്ടായ്മയെ ശക്തിപ്പെടുത്തൽ. മാർക്കറ്റിങ്ങ്, വിപണനം എന്നിവയാണ് പ്രൊഡ്യൂസർ കമ്പനിയുടെ പ്രധാന ലക്ഷ്യങ്ങൾ. കൂടാതെ ഉൽപാദനം മുതൽ വിപണനം വരെയുള്ള വിവിധ ഘട്ടങ്ങളെ ഫലപ്രദമായി യോജിപ്പിച്ചുകൊണ്ട് മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ ഉൽപാദനവും അതുവഴി കൂടുതൽ വരുമാനവും ഉറപ്പുവരുത്തുക എന്നതും ഇതിന്റെ ഭാഗമാണ്.

കർഷകർക്കാവശ്യമായ ഗുണനിലവാരമുള്ള വിത്തുകൾ, വളം, കീടനാശിനികൾ, കാർഷിക ഉപകരണങ്ങൾ, മൃഗസംരക്ഷണത്തിന് വിദഗ്ധ ഡോക്ടറുടെ സേവനം, സാമ്പത്തിക പിന്തുണ, സാങ്കേതിക സഹായം, വിളകൾക്ക് ഇൻഷുറൻസ്, ഉൽപന്ന സമാഹരണം, സംഭരണം, ഫലപ്രദമായ മാർക്കറ്റിങ്ങ്, വിപണനം തുടങ്ങി എല്ലാവിധ സഹായങ്ങളും പിന്തുണയും പ്രൊഡ്യൂസർ കമ്പനി മുഖേന ഉൽപാദകർക്ക് ലഭ്യമാകും. പ്രൊഡ്യൂസർ കമ്പനിയിൽ അംഗങ്ങളായിട്ടുള്ളവർക്ക് എല്ലാ വർഷവും ഒരു നിശ്ചിത ശതമാനം




*പ്രൊഡ്യൂസർ കമ്പനി രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് കുടുംബശ്രീയും നബാർഡും സംയുക്തമായി സംഘടിപ്പിച്ച ശിൽപശാല കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ കെ.ബി വത്സലകുമാരി ഉദ്ഘാടനം ചെയ്യുന്നു. കുടുംബശ്രീ ചീഫ് ഓപ്പറേറ്റിങ്ങ് ഓഫീസർ അജിത് ചാക്കോ, പ്രോഗ്രാം ഓഫീസർ ടി.ഷാഹുൽ ഹമീദ്, കുടുംബശ്രീ ഭരണ-നിർവഹണ സമിതി അംഗം അഡ്വ. എൻ.എ ഖാലിദ് എന്നിവർ സമീപം*

ശതമാനം ലാഭം നൽകും. കൂടാതെ ഏറ്റവും കൂടുതൽ ഉൽപന്നം നൽകിയ ഉൽപാദകന് ബോണസ് എന്ന നിലയിൽ കൂടുതൽ ഡിവിഡന്റും നൽകും. ചെറുകിട കർഷകർക്കും ഇതിലൂടെ മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കാനാകും.

കുടുംബശ്രീ സംസ്ഥാനത്ത് നടപ്പാക്കി വരുന്ന വിവിധ പദ്ധതികളിൽ അംഗങ്ങളായിട്ടുള്ള കർഷകരെ പ്രൊഡ്യൂസർ കമ്പനിയുടെ കീഴിൽ അണി നിരത്തുന്നതിലൂടെ ഉൽപാദകരുടെ ശക്തവും സംഘടിതവുമായ കൂട്ടായ്മകളുടെ ശൃംഖലയാണ് സംസ്ഥാനത്തുണ്ടാകുന്നത്. കുടുംബശ്രീ മുഖേന 47000ത്തോളം സംഘകൃഷി ഗ്രൂപ്പുകൾ നിലവിൽ സംസ്ഥാനത്ത് കൃഷി ചെയ്യുന്നുണ്ട്. കൂടാതെ മൃഗസംരക്ഷണ മേഖലയിൽ ആട് ഗ്രാമം, ക്ഷീര സാഗരം പോലെയുള്ള വിജയിച്ച പദ്ധതികൾ വേറെയും. പ്രൊഡ്യൂസർ കമ്പനികളുടെ കീഴിൽ വരുന്നതോടെ ഈ മേഖലകളിലെല്ലാം ഉൽപാദനം വർദ്ധിപ്പിക്കാൻ കഴിയുന്നതോടൊപ്പം മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ ഉയർന്ന തോതിലുള്ള ഉൽപാദനം, സംഭരണം, വിപണനം തുടങ്ങി എല്ലാ മേഖലകളിലും നേരിട്ടുള്ള നിയന്ത്രണത്തിന് ഉൽപാദകർക്ക് അവസരവുമുണ്ടാകും. അതിലുപരി ഉപഭോക്താക്കൾക്ക് ന്യായമായ വിലയ്ക്ക് ഗുണനിലവാരമുള്ള ഉൽപന്നങ്ങൾ നൽകാൻ കഴിയുന്നതിലൂടെ വിപണിയുടെ വിശ്വാസ്യത നേടാനും കർഷകർക്ക് സാധിക്കും.

പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ വായ്പയും മറ്റ് പിന്തുണയും നബാർഡാണ് നൽകുക. കൂടാതെ പ്രൊഡ്യൂസർ കമ്പനി രൂപീകരിക്കാൻ തയ്യാറായിട്ടുള്ള കർഷകരുടെ പക്കലുള്ള മൂലധനത്തിനു തുല്യമായി പരമാവധി ഇരുപത്തഞ്ച്

പേജ് 2 കാണുക

കുടുംബശ്രീ വാർത്താപത്രിക

## കൂട്ടുകാർക്ക് സഹായവുമായി ബാലസഭയിലെ കുഞ്ഞുനക്ഷത്രങ്ങൾ

### നിർദ്ധന വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകി കുടുംബശ്രീ ബാലസഭാംഗങ്ങൾ മാതൃകയായി



*തണ്ണീർമുക്കം പഞ്ചായത്തിലെനക്ഷത്രദീപം ബാലസഭയുടെ പ്രസിഡന്റ് ജോഷിമോൻ കെ.ബി രേഷ്മക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്യുന്നു*

നിർദ്ധനരായ വിദ്യാർത്ഥികൾക്ക് സഹായഹസ്തവുമായി കുടുംബശ്രീ ബാലസഭാംഗങ്ങൾ. കുടുംബശ്രീ ആലപ്പുഴ ജില്ലാമിഷന്റെയും തണ്ണീർമുക്കം പഞ്ചായത്തിലെ നക്ഷത്രദീപം ബാലസഭയുടെയും സംയുക്താഭിമുഖ്യത്തിൽ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്കൂൾ പഠനത്തിന് സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തുകൊണ്ടാണ് ബാലസഭാംഗങ്ങൾ മാതൃകയായത്.

പഞ്ചായത്തിലെ രാതുൽ, അനുമോൾ, രേഷ്മ, ജിഷ്ണു എന്നീ വിദ്യാർത്ഥികൾക്കാണ് കുടുംബശ്രീ ബാലസഭാംഗങ്ങൾ പഠിക്കുന്നതിനാവശ്യമായ സഹായവുമായി എത്തിയത്. നോട്ട്ബുക്ക്, ഇൻസ്ട്രമെന്റ് ബോക്സ്, പേന, പെൻസിൽ എന്നിവയടക്കമുള്ള കിറ്റായിരുന്നു സ്കൂൾ തുറക്കുന്ന അവസരത്തിൽ കൂട്ടുകാർക്കായി ബാലസഭാംഗങ്ങളുടെ സംഭാവന.

കുടുംബശ്രീ ബാലസഭാ കൺസൾട്ടന്റ് രാജേഷ് പൈയ്ക്കൊപ്പം ബാലസഭാ സെക്രട്ടറി സനിക, മറ്റ് അംഗങ്ങളായ എദിൻ, നിഖില, ആഷ്മി, ഗൗരി, സാന്ദ്ര, രഞ്ജു, അഞ്ജലി എന്നിവർ ഇവരുടെ വീടുകളിൽ നേരിട്ടെത്തി പഠനോപകരണങ്ങൾ വിതരണം ചെയ്യുകയായിരുന്നു. ബാലസഭാ പ്രസിഡന്റ് ജോഷിമോൻ കെ.ബിയാണ് പഠനോപകരണങ്ങൾ വിതരണം ചെയ്തത്. പഠനോപകരണങ്ങൾ വാങ്ങുന്നതിനാവശ്യമായ പണം സമാഹരിച്ചതും ബാലസഭാംഗങ്ങൾ തന്നെയാണ്. കഴിഞ്ഞ വർഷം മണ്ണഞ്ചേരി പഞ്ചായത്തിലെ ബഡ്സ് സ്കൂൾ വിദ്യാർഥികൾക്ക് യൂണിഫോം നൽകി നക്ഷത്രദീപം ബാലസഭ മാതൃകയായിരുന്നു.

### പ്രൊഡ്യൂസർ കമ്പനി

ഒന്നാം പേജിൽ നിന്നും തുടർച്ച ⇨

ലക്ഷം രൂപ വരെ വായ്പയായും നൽകും.

പ്രൊഡ്യൂസർ കമ്പനിയുടെ രൂപീകരണവുമായി ബന്ധപ്പെട്ട് സംഘടിപ്പിച്ച സംയുക്ത ശിൽപശാല കുടുംബശ്രീ എക്സിക്യുട്ടീവ് ഡയറക്ടർ കെ.ബി വത്സലകുമാരി ഉദ്ഘാടനം ചെയ്തു. കുടുംബശ്രീ ഭരണ-നിർവഹണ സമിതി അംഗം അഡ്വ.എൻ.എ ഖാലിദ് അദ്ധ്യക്ഷത വഹിച്ചു. വിവിധ വിഷയങ്ങളിൽ നബാർഡ് അഡീഷണൽ ജനറൽ മാനേജർമാരായ മോഹൻ, വിനോദ്, ചാറ്റേർഡ് അക്കൗണ്ടന്റ് പൗലോസ് വി, സംഘമിത്രി ഡയക്ടർ ബാലചന്ദ്രൻ, എസ്.എഫ്.എ.സി പ്രോജക്ട് ഡയറക്ടർ ശ്രീകുമാർ എന്നിവർ ക്ലാസുകൾ നയിച്ചു. കുടുംബശ്രീ പ്രോഗ്രാം മാനേജർ ഷമീന പി.എൻ പ്രൊഡ്യൂസർ കമ്പനികളുടെ രൂപീകരണം എന്ന വിഷയത്തിൽ ഗ്രൂപ്പ് ചർച്ച നടത്തി.

കുടുംബശ്രീ പ്രോഗ്രാം മാനേജർ ഡോ.എസ്.സലിം ആശംസാ പ്രസംഗം നടത്തി. ചീഫ് ഓപ്പറേറ്റിങ്ങ് ഓഫീസർ (ലൈവ്‌ലിഹുഡ്) അജിത് ചാക്കോ സ്വാഗതവും പ്രോഗ്രാം ഓഫീസർ ടി.ഷാഹുൽ ഹമീദ് കൃതജ്ഞതയും പറഞ്ഞു. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർ, അസി.കോ-ഓർഡിനേറ്റർമാർ, കൺസൾട്ടന്റ്മാർ, കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺമാർ തുടങ്ങിയവർ പങ്കെടുത്തു.

## ഇന്ന് ഞാൻ...



## വിലക്കുകൾ മറികടന്ന വിജയം

കാസർകോട്ടെ പുല്ലൂർ എന്ന കൊച്ചുഗ്രാമത്തിൽ അബ്ദുൾഖാദറിന്റെയും അലീമയുടെയും നാലാമത്തെ മകളായിട്ടായിരുന്നു എന്റെ ജനനം. ഉപ്പ മത്സ്യക്കച്ചവടക്കാരനായിരുന്നു. ഉപ്പയ്ക്കും ഉമ്മയ്ക്കും വിദ്യാഭ്യാസം ഇല്ലായിരുന്നു. സാമാന്യം മെച്ചപ്പെട്ട കുടുംബത്തിലായിരുന്നു ഞാൻ ജനിച്ചത്. ഉപ്പയ്ക്കും ഉമ്മയ്ക്കും വിദ്യാഭ്യാസം കുറവായതുകൊണ്ട് എന്റെ രണ്ട് ഏട്ടന്മാർക്കും ചേച്ചിക്കും കൂടുതൽ വിദ്യാഭ്യാസം നൽകിയിരുന്നില്ല.

ശൈശവവിവാഹത്തിന് തുല്യമായ രീതിയിലായിരുന്നു എന്റെ ഇത്തയുടെ വിവാഹം.രണ്ടാം ക്ലാസിൽപഠിക്കുമ്പോഴാണ് അവളുടെ വിവാഹം നടത്തിയത്. എന്നാൽ ഞാൻ വാശിയോടെ പത്താം ക്ലാസ് വരെ പഠിച്ചു. സ്കൂളിലെ എല്ലാ പ്രവർത്തനങ്ങളിലും പങ്കെടുക്കാറുണ്ടായിരുന്നെങ്കിലും വളരെ നാണംകുണുങ്ങിയായിരുന്നു ഞാൻ. പിന്നെ തയ്യൽ പഠിച്ചു. തയ്യൽ ക്ലാസിൽ മറ്റു കുട്ടികളെക്കാളും മുമ്പുതന്നെ ഞാൻ എംബ്രോയിഡറി വർക്ക് പഠിച്ചു.

പണ്ടുകാലത്ത് 10 വയസ്സായാൽ പെൺകുട്ടികളെ കെട്ടിച്ചയക്കണമെന്നാണ് മുതിർന്നവരുടെ ധാരണ. പണ്ടുകാലത്ത് മുസ്ലീം പെൺകുട്ടികൾ അധികമൊന്നും പഠിക്കാറില്ലായിരുന്നു. ഉമ്മയുടെ അനുജന്റെ ഇഷ്ടപ്രകാരം എനിക്കൊരു വിവാഹാലോചന കൊണ്ടുവന്നു. എന്നെക്കാൾ എത്രയോ പ്രായം കൂടുതലുള്ള വ്യക്തി. ഞങ്ങളുടെ വീട്ടിൽ ആ ആലോചനയ്ക്ക് ആർക്കും താൽപര്യമില്ലായിരുന്നു. എന്റെ ജ്യേഷ്ഠൻ നാടുവിടുമെന്ന് പറഞ്ഞ് ഭീഷണിപ്പെടുത്തിയെങ്കിലും അത് ആരും ഉൾക്കൊണ്ടില്ല. നിനക്ക് നല്ല ഭാവി കിട്ടുമെന്നും നീ ഈ വിവാഹത്തിന് സമ്മതിച്ചില്ലെങ്കിൽ ഞാൻ ട്രെയിനിന് തലവെയ്ക്കുമെന്നും ഉപ്പ എന്നോട് പറഞ്ഞു. അങ്ങനെ ആ ഭീഷണിക്ക് വഴങ്ങി ഞാൻ വിവാഹത്തിന് സമ്മതിച്ചു.

എന്റെ ഭർത്താവാണെങ്കിൽ ജീവിതകാലം മുഴുവൻ അദ്ധ്വാനിച്ചു കിട്ടിയ പണമത്രയും പെങ്ങളുടെ ഭർത്താവിന് അയച്ചുകൊടുത്തു. സ്വന്തം പേരിൽ സ്ഥലം വാങ്ങുമെന്ന വിശ്വാസത്തോടെ അവർ ആണെങ്കിൽ ഒരു സെന്റ് സ്ഥലം പോലും ഞങ്ങളുടെ പേരിൽ വാങ്ങിയില്ല. ഞങ്ങൾക്കുണ്ടായിരുന്ന 15 സെന്റ് സ്ഥലം വിറ്റ് കിട്ടിയ പൈസ കൊണ്ട് ഞങ്ങൾ കുറച്ച് കാലം ജീവിച്ചു. പിന്നീട് ഞാൻ എന്റെ മൂത്ത കുട്ടിയെ ഗർഭം ധരിച്ചു. അവന്റെ നാലു വയസു വരെ ഞങ്ങൾ നല്ല രീതിയിൽ ജീവിച്ചു. പിന്നീട് ഞങ്ങൾക്ക് നിത്യവൃത്തിക്കുപോലും ബുദ്ധിമുട്ടായി. ആരോടും ഒന്നും പറയാൻ പറ്റില്ലല്ലോ. എല്ലാവരുടെയും മുമ്പിലും എന്റെ ഭർത്താവ് പണക്കാരനാണ്. എന്റെ മകന് ആറ് വയസായപ്പോൾ ഞാൻ വീണ്ടും ഗർഭിണിയായി. എന്റെ വീട്ടുകാരാണ് എല്ലാ ചെലവുകളും വഹിച്ചത്. പിന്നീട് ഞാൻ എന്റെ ഭർത്താവിന്റെ വീട്ടിലേക്ക് പോകാതെ എന്റെ വീട്ടിൽ താമസമാക്കി.

എന്റെ വീടിനടുത്ത് കുറേ വനിതകൾ ഒന്നിച്ചുകൂടി ഒരു കുടുംബശ്രീ രൂപീകരിച്ചു. അങ്ങനെ ആദ്യമായി ഞാൻ കുടുംബശ്രീയിൽ അംഗമായി. കുറച്ചു കാലം കഴിഞ്ഞ് എന്റെ മകന്റെ ടി.സി വാങ്ങി എന്റെ ഭർത്താവിന്റെ വീട്ടിലേക്ക് താമസം മാറ്റി. അവിടെത്തന്നെ എന്റെ മകനെ സ്കൂളിൽ ചേർത്തു. ഒരു വർഷത്തിനുശേഷം വാർഡുമെമ്പർ നസീമ ടീച്ചറുടെ സഹായത്തോടെ സ്നേഹനിധി എന്ന പേരിൽ 20 അംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് കുടുംബശ്രീ രൂപീകരിച്ച് എന്നെ പ്രസിഡന്റാക്കി. ഞങ്ങളുടെ വാർഡാണെങ്കിൽ അധികവും മുസ്ലീങ്ങളാണ്. അതുകൊണ്ടുതന്നെ ആരും രംഗത്തേക്കിറങ്ങാൻ മനസുകാണിച്ചില്ല.



**കുഞ്ഞാമിന. സി**

അക്ഷയ കമ്പ്യൂട്ടർ സർവേ, ചൈൽഡ് സർവേ എന്നിവ വന്നപ്പോൾ നസീമ ടീച്ചറുടെ നിർദേശപ്രകാരം സർവേ നടത്താൻ എന്നെ ഏൽപ്പിച്ചു. ഞങ്ങളുടെ വാർഡിൽ എഴുന്നൂറോളം വീടുകൾ സന്ദർശിച്ച് സർവേ പൂർത്തീകരിച്ചു. എന്റെ വീട്ടിൽ തന്നെ ഒരു മുറിയിൽ 200-ഓളം പേർക്ക് അക്ഷയ കമ്പ്യൂട്ടർ പരിശീലനത്തിന്റെ ആദ്യ ഘട്ടം പൂർത്തിയാക്കി. ഇത് ജനങ്ങളുടെ ഇടയിൽ എനിക്ക് അഭിമാനമായി. അങ്ങനെ എഡിഎസിന്റെ സെക്രട്ടറിയായി വാർഡുമെമ്പർ എന്നെ സെലക്ട് ചെയ്തു. ഒരു കുടുംബശ്രീ പോലുമില്ലാത്ത ആ വാർഡിൽ പതിനാറോളം യൂണിറ്റുകൾ രൂപീകരിച്ചു. ഗ്യാസ് കണക്ഷൻ ഇല്ലാത്ത നാൽപതോളം കുടുംബങ്ങൾക്ക് കണക്ഷൻ ലഭ്യമാക്കി. ഗവൺമെന്റിൽ നിന്നും കിട്ടുന്ന എല്ലാ ആനുകൂല്യങ്ങളും ജനങ്ങൾക്കു വാങ്ങിക്കൊടുക്കുകയും അവരുടെ പ്രശ്നങ്ങളിൽ അവർക്കുവേണ്ടി സംസാരിക്കുന്ന ഒരാളായി മാറി. പുറത്തിറങ്ങാൻ മടി കാണിച്ചിരുന്ന ഞാൻ നാടിന്റെ അഭിമാനമായി. കൂടാതെ ടെയ്‌ലറിംഗ് സെന്റർ, ട്യൂഷൻ സെന്റർ എന്നീ രണ്ട് സ്ഥാപനങ്ങൾ നടത്തുന്നതോടൊപ്പം മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിലും ജോലി ചെയ്തു.

ഇതിനിടയിൽ സുഖമില്ലാതെ കിടപ്പിലായിരുന്ന എന്റെ ഭർത്താവ് മരിച്ചു. ഇപ്പോൾ എന്റെ കുടുംബത്തിന്റെ ഏക അത്താണിയാണ് ഞാൻ. എന്റെ മകൾക്ക് നല്ല വിദ്യാഭ്യാസം കൊടുക്കാനും നല്ലൊരു വീടുപണിയാനും എന്റെ കഠിനാധ്വാനം കൊണ്ട് സാധിച്ചു. ഇതിന്റെയെല്ലാം വഴികാട്ടി നസീമ ടീച്ചറാണ്. മുസ്ലീം സമുദായത്തിന് ഒരു വഴികാട്ടിയായി മാറി. ഇന്നു ജാതിമതഭേദമന്യേ എല്ലാ ജനങ്ങളും ഏതൊരു കാര്യത്തിനും എന്റെ വീട്ടുപടിക്കലാണ് എത്താറുള്ളത്. വാർഡിനകത്തും പുറത്തുമായി എത്രയോ ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. എത്രയോ വിഷമങ്ങൾ അനുഭവിച്ച ഞങ്ങൾ ഇന്ന് സന്തോഷവാന്മാരാണ്. ഇതൊക്കെ കുടുംബശ്രീ എന്ന പ്രസ്ഥാനത്തിലൂടെയാണ്. ഇനിയും മരിക്കുവോളം ജനങ്ങൾക്കുവേണ്ടി കഴിയുന്ന സഹായങ്ങൾ ചെയ്തുകൊടുക്കുമെന്ന പ്രാർത്ഥനയോടെ നിർത്തുന്നു.

**കാസർകോട് ജില്ലയിലെ അജാനൂർ ഗ്രാമപഞ്ചായത്തിലെ സ്നേഹനിധി കുടുംബശ്രീ അംഗവും സി.ഡി.എസ് മെമ്പറുമായ സി.കുഞ്ഞാമിനയുടെ വിജയാനുഭവ കഥയിൽ നിന്ന്**

### ബഹുജന സാമ്പത്തിക സാക്ഷരത പരിപാടി

ഒന്നാം പേജിൽ നിന്നും തുടർച്ച ⇨

സാധ്യതകൾ പൂർണമായും പ്രയോജനപ്പെടുത്തുന്നതിനായി റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ എ.ജി.എം വി.രവീന്ദ്രൻ, കാനറാ ബാങ്ക് ഡി.ജി.എം കിഷോർ കുമാർ, ഇൻഡ്യൻ ബാങ്ക് സീനിയർ മാനേജർ ബിജു കുമാർ എന്നിവർ ബാങ്കിംഗ് നടപടിക്രമങ്ങൾ, വിവിധ ബാങ്കിംഗ് സേവനങ്ങൾ അവ ഫലപ്രദമായി ലഭ്യമാക്കുന്നതിനുള്ള മാർഗങ്ങൾ എന്നിവയെ കുറിച്ച് വിശദീകരിച്ചു. കുടുംബശ്രീ നന്ദിയോട് സി.ഡി.എസ് ചെയർപേഴ്സൺ ഷീജ, മീന തുളസി എന്നിവർ അനുഭവ സാക്ഷ്യം നടത്തി. വാർഡ് മെമ്പർ കെ.ഷിബു ലാൽ, മലയിൻകീഴ് സി.ഡി.എസ് ചെയർപേഴ്സൺ ശശികല.എസ് എന്നിവർ ആശംസാ പ്രസംഗം നടത്തി.

റൂറൽ എസ്.പി രാജ്പാൽ മീണ, നേമം ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ.എം.മണികണ്ഠൻ, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് അമ്പലത്തറയിൽ ഗോപകുമാർ എസ്, ജില്ലാ പഞ്ചായയത്ത് അംഗം മലയിൻകീഴ് വേണുഗോപാൽ, എസ്.എൽ.ബി.സി കേരള കൺവീനർ കെ.ആർ.ബാലചന്ദ്രൻ, മലയിൻകീഴ് വൈസ്പ്രസിഡന്റ് എസ്.ചന്ദ്രൻ നായർ, ബ്ളോക്ക് ഡിവിഷൻ മെമ്പർ ബിനു തോമസ്, വാർഡ് മെമ്പർ രമാകുമാരി വി, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ കെ.ഷിബുലാൽ എന്നിവർ പങ്കെടുത്തു. കുടുംബശ്രീ തിരുവനന്തപുരം ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ ഗീതാ ഫിലിപ്പ് കൃതജ്ഞത പറഞ്ഞു.

## ഗോത്ര ഊരുകളുടെ അടിസ്ഥാന വികസനം: കുടുംബശ്രീ സൂക്ഷ്മതല പദ്ധതി തയ്യാറാക്കുന്നു

സംസ്ഥാനത്തെ ഗോത്രവിഭാഗങ്ങളുടെ ഉന്നമനത്തിനായി അടിസ്ഥാന-സുസ്ഥിരവികസന പദ്ധതികൾ തയ്യാറാക്കുന്നതിന്റെ മുന്നോടിയായി ഊരുകളുടെ സൂക്ഷ്മതല പദ്ധതി (മൈക്രോ ലെവൽ പ്ലാനിംഗ്) നടത്തുന്നതിന് കുടുംബശ്രീ തയ്യാറെടുക്കുന്നു.

ഇതിനായി 13 ജില്ലകളിലെ ഗോത്ര ഊരുകൾ പഠനവിധേയമാക്കും. കേന്ദ്രസർക്കാരിന്റെ ദേശീയ ഗ്രാമീണ ഉപജീവനമിഷന്റെ പിന്തുണയോടെ കുടുംബശ്രീയും സംസ്ഥാന പട്ടികവർഗ വികസന വകുപ്പും ചേർന്നാണ് സൂക്ഷ്മതല പദ്ധതി നടത്തുന്നത്.

സംസ്ഥാനതലത്തിൽ പദ്ധതിപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാനായി മാസ്റ്റർ ട്രെയിനർമാർക്കുള്ള പത്തുദിവസത്തെ പരിശീലകർക്കുള്ള പരിശീലന പരിപാടി തിരുവനന്തപുരം, വയനാട് എന്നിവിടങ്ങളിൽ പൂർത്തിയായി.

കുടുംബശ്രീയുടെ പട്ടികവർഗ പരിശീലന ഗ്രൂപ്പുകളായ ഇടുക്കിയിലെ മാസ്റ്റേഴ്സ്, കാസർകോട്ടെ തുളു, വയനാട്ടിലെ ട്രൈസാത്, 13 ജില്ലകളിൽ നിന്നു തിരഞ്ഞെടുത്ത ജില്ലാതല സൂക്ഷ്മതല പദ്ധതി റിസോഴ്സ് പേഴ്സൺമാർ കുടുംബശ്രീ ജില്ലാമിഷൻ എസ്.ടി കൺസൾട്ടന്റുമാർ, എന്നിവരടങ്ങിയ 50 പേരാണ് പരിശീലനത്തിൽ പങ്കെടുത്തത്. പരിശീലനത്തിൽ പങ്കെടുത്ത പരിശീലന ഗ്രൂപ്പും ജില്ലാതല സൂക്ഷ്മതല പദ്ധതി റിസോഴ്സ് പേഴ്സൺമാരും ഗോത്രവർഗവിഭാഗത്തിൽപ്പെട്ടവരായിരുന്നു.



*ഊരുകളുടെ സൂക്ഷ്മതല പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായുള്ള സർവേ പരിശീലനം കൽപ്പറ്റ നഗരസഭാ ചെയർമാൻ പി.പി ആലി ഉദ്ഘാടനം ചെയ്യുന്നു*

സംസ്ഥാനത്തെ ഊരുകളുടെ ചരിത്രം, സ്ഥിതിവിവരം, പ്രശ്നങ്ങൾ, പരിഹാരങ്ങൾ, നിർദേശങ്ങൾ, വിഭവങ്ങൾ, മുൻഗണനാ പദ്ധതികൾ, അവശതകൾ, ക്ലേശഘടകങ്ങൾ, സംരംഭ സാധ്യതകൾ, അടിസ്ഥാന-അനിവാര്യ സൗകര്യങ്ങൾ എന്നിവയടക്കം ഇരുപതോളം വിഷയങ്ങൾ സൂക്ഷ്മതലത്തിൽ എം.എൽ.പിയുടെ ഭാഗമായി പരിശോധിക്കുകയും ശേഖരിക്കുകയും ചെയ്യും.

സാമൂഹിക-വിഭവ-സഞ്ചാര-പശ്ചാത്തല ഭൂപടം പദ്ധതിയുടെ ഭാഗമായി തയ്യാറാക്കും. വിവിധ വകുപ്പുകളെ ഐക്യപ്പെടുത്തി തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പൂർണ നിയന്ത്രണത്തിലായിരിക്കും പരിപാടികൾ നടപ്പാക്കുക. ടി.ഒ.ടി പരിശീലനം നേടിയ എം.എൽ.പി സംസ്ഥാനതല വളണ്ടിയേഴ്സ് ജില്ല-ബ്ലോക്ക്-പഞ്ചായത്ത്തലത്തിൽ പ്രത്യേക വിദഗ്ധ പരിശീലനം നൽകി ഘട്ടംഘട്ടമായി സർവേ നടപടികൾ പൂർത്തീകരിക്കും.

വിവിധ വകുപ്പുകളുടെ ഏകോപനം, പദ്ധതികളുടെ മുൻഗണനാക്രമ നിർണയം നിശ്ചയിക്കൽ, അടിസ്ഥാന-അനിവാര്യ ഘടകങ്ങൾ വേഗത്തിലാക്കൽ, തദ്ദേശസ്ഥാപനങ്ങളുടെ പങ്കാളിത്തം, ഊരുകളിൽ നേരിട്ടെത്തി സഹായം നൽകൽ, പദ്ധതി രൂപവൽക്കരണം, ജാഗ്രതാ സമിതികൾ, പുതിയ ഉപജീവന സംരംഭങ്ങൾ, ജില്ല-പഞ്ചായത്ത്-ബ്ലോക്ക് വിലയിരുത്തൽ സമിതികൾ, ഊരുത്സവങ്ങൾ തുടങ്ങിയവ പദ്ധതിയുടെ ഭാഗമായുണ്ടാവും.

കാട്ടുനായ്ക്ക, പണിയ, കുറുമ, അടിയ, ഊരാളി വിഭാഗങ്ങൾ താമസിക്കുന്ന വയനട് ജില്ലയിലെ ഊരുകളിൽ എം.എൽ.പി പഠനത്തിന്റെ ഭാഗമായി സർവേ നടത്തി. 10 ഊരുകളിലായി അഞ്ചു പേർ ചേർന്ന 10 ഗ്രൂപ്പുകൾ നാല് ദിവസമായാണ് സർവേ നടത്തിയത്.

സർവേ പരിശീലനം കൽപ്പറ്റ നഗരസഭാ ചെയർമാൻ പി.പി. ആലി ഉദ്ഘാടനം ചെയ്തു. പരിശീലനം വിജയകരമായി പൂർത്തിയാക്കിയവർക്കുള്ള സർട്ടിഫിക്കറ്റുകൾ വയനാട് ജില്ലാപഞ്ചായത്ത് പ്രസിഡന്റ് എൻ.കെ. റഷീദ് വിതരണം ചെയ്തു.

കുടുംബശ്രീ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ഡോ. മഞ്ജുള ഭാരതി അദ്ധ്യക്ഷത വഹിച്ചു. കുടുംബശ്രീ സ്റ്റേറ്റ് കൺസൾട്ടന്റ് എസ്. ശാരിക, കുടുംബശ്രീ വയനാട് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ പി.പി. മുഹമ്മദ് എന്നിവർ സംസാരിച്ചു.

# സുരക്ഷിത പണമിടപാടിന് കുടുംബശ്രീ കൂട്ടായ്മ
# ബഹുജന സാമ്പത്തിക സാക്ഷരത പരിപാടി– ജില്ലകളിലൂടെ

## കൊല്ലം

സംസ്ഥാന ആഭ്യന്തര വകുപ്പും കുടുംബശ്രീ മിഷനും സംയുക്തമായി ജില്ലയിൽ ആരംഭിക്കുന്ന ബഹുജന സാമ്പത്തിക സാക്ഷരത ക്യാമ്പയിന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങൾക്കു തുടക്കമായി. പദ്ധതിയുടെ ഉദ്ഘാടനം ജില്ലാപഞ്ചായത്ത് പ്രസിഡന്റ് എസ്. ജയമോഹൻ നിർവഹിച്ചു. സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെയും കൊള്ളപലിശക്കാരുടെയും തട്ടിപ്പിൽ നിന്നു ജനങ്ങളെ മോചിപ്പിക്കാൻ ബോധവൽക്കരണം ആവശ്യമാണെന്ന് ജില്ലാപഞ്ചായത്ത് പ്രസിഡന്റ് പറഞ്ഞു. കടം കയറി ആത്മഹത്യ പെരുകുന്ന സംസ്ഥാനമായി കേരളം മാറാതിരിക്കാൻ കുടുംബശ്രീയുടെ സുരക്ഷിത പണമിടപാട് സാമ്പത്തിക സാക്ഷരത പരിപാടിക്കു കഴിയുമെന്ന് അദ്ദേഹം പറഞ്ഞു.



*ബഹുജന സാമ്പത്തിക സാക്ഷരത ക്യാമ്പയിന്റെ ഭാഗമായി സംഘടിപ്പിച്ച സന്ദേശയാത്ര അസി.പോലീസ് കമ്മീഷണർ ലാൽജി ഫ്ളാഗ് ഓഫ് ചെയ്യുന്നു*

സന്ദേശയാത്ര അസി.പോലീസ് കമ്മീഷണർ ലാൽജി ഫ്ളാഗ്ഓഫ് ചെയ്തു. വിവിധ ബാങ്കിംഗ് സേവനങ്ങളെക്കുറിച്ചും അവ ലഭ്യമാക്കുന്നതിനെക്കുറിച്ചും ലീഡ് ബാങ്ക് മാനേജർ എൽ. സുകുമാർ സംസാരിച്ചു. പഞ്ചായത്ത് പ്രസിഡന്റ്സ് അസോസിയേഷൻ പ്രസിഡന്റ് എൽ. ശൈലജ അദ്ധ്യക്ഷയായി. ശിൽപശാലയിൽ കുടുംബശ്രീ പ്രവർത്തകർക്ക് ജില്ലാമിഷൻ കോ-ഓർഡിനേറ്റർ ഡോ. ടി. ബിജു പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. അസി.ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ എച്ച്. സഫീർ സ്വാഗതവും എം. ജമാലുദീൻ നന്ദിയും പറഞ്ഞു.

## ഇടുക്കി

സംസ്ഥാന ആഭ്യന്തരവകുപ്പും കുടുംബശ്രീയും സംയുക്തമായി സംഘടിപ്പിച്ച ബഹുജന സാമ്പത്തിക സാക്ഷരത പരിപാടി അഡ്വ.ജോയ്സ് ജോർജ് എം.പി. ഉദ്ഘാടനം ചെയ്തു. വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജോയി വർഗീസ് അദ്ധ്യക്ഷത വഹിച്ചു.

കുടുംബശ്രീ ഇടുക്കി ജില്ലാമിഷൻ കോ-ഓർഡിനേറ്റർ കെ.എസ്. രാജീവ് സ്വാഗതം ആശംസിച്ചു.ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എ.പി. ഉസ്മാൻ മുഖ്യപ്രഭാഷണം നടത്തി. ഡെപ്യൂട്ടി കളക്ടർ സി.എം. സെബാസ്റ്റ്യൻ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. തൊടുപുഴ ഡിവൈഎസ്പി സാബു മാത്യു പദ്ധതി വിശദീകരണം നടത്തി. ലീഡ് ബാങ്ക് മാനേജർ കെ. ബാബു ഗണേഷ്, നബാർഡ് ജില്ലാ മാനേജർ ദീപ. എസ്.പിള്ള എന്നിവർ ക്ലാസുകൾ നയിച്ചു. ഇടുക്കി ജില്ലാപഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ അഡ്.ജോർജ്ജി ജോർജ്, മരിയാപുരം ഗ്രാമപഞ്ചായത്ത് വൈസ്പ്രസിഡന്റ് ത്രേസ്യാമ്മ തോമസ് തുടങ്ങിയവർ പ്രസംഗിച്ചു. ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിലെ കുടുംബശ്രീ ഭാരവാഹികൾ യോഗത്തിൽ പങ്കെടുത്തു. കുടുംബശ്രീ അസി.ജില്ലാമിഷൻ കോ-ഓർഡിനേറ്റർ ഷൈൻ.എം. സിറിയക് നന്ദി പറഞ്ഞു.



*സംസ്ഥാന ആഭ്യന്തരവകുപ്പും കുടുംബശ്രീയും സംയുക്തമായി സംഘടിപ്പിച്ച ബഹുജന സാമ്പത്തിക സാക്ഷരത പരിപാടി അഡ്വ.ജോയ്സ് ജോർജ് എം.പി. ഉദ്ഘാടനം ചെയ്യുന്നു*

## പത്തനംതിട്ട

അമിത പലിശയുടെ ദൂഷ്യഫലങ്ങളെയും സുരക്ഷിതമായ പണമിടപാടുകളെയും കുറിച്ച് ജനങ്ങളെ ബോധവൽകരിക്കുന്നതിന് ആഭ്യന്തര വകുപ്പും കുടുംബശ്രീ മിഷനും സംയുക്തമായി പത്തനംതിട്ടയിൽ സംഘടിപ്പിച്ച കുടുംബശ്രീ കൂട്ടായ്മ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡോ.സജി ചാക്കോ ഉദ്ഘാടനം ചെയ്തു.

കുടുംബശ്രീ പുതിയ വിപണന മേഖലകൾ കണ്ടെത്തണമെന്ന് യോഗത്തിൽ അദ്ധ്യക്ഷത വഹിച്ച കളക്ടർ എസ്. ഹരികിഷോർ പറഞ്ഞു. കുടുംബശ്രീക്ക് സമൂഹത്തിൽ വലിയ പ്രാധാന്യമുണ്ട്. കുടുംബശ്രീക്ക് സർക്കാർ നൽകുന്ന പിന്തുണയും പരിഗണനയും ഇക്കാര്യം വ്യക്തമാക്കുന്നു. സമൂഹത്തിൽ കൂട്ടായ മാറ്റത്തിന് കുടുംബശ്രീ ശ്രമിക്കണമെന്നും അദ്ദേഹം പറഞ്ഞു.

ജനങ്ങളെ ചൂഷണം ചെയ്യുകയാണ് കൊള്ളപ്പലിശക്കാരുടെ ലക്ഷ്യമെന്ന് മുഖ്യപ്രഭാഷണം നടത്തിയ ജില്ലാ പോലീസ് ചീഫ് ഡോ. എ. ശ്രീനിവാസ് പറഞ്ഞു. ചൂഷണം സാധ്യമാകും എന്ന് ഉറപ്പുള്ളവർക്കേ കൊള്ളപലിശക്കാർ പണം കടം നൽകൂ. കേരള മണി ലെൻഡേഴ്സ് ആക്ടും കേരള അമിത പലിശ ഈടാക്കൽ നിരോധന നിയമവും കൊള്ളപ്പലിശക്കാരെ നിയന്ത്രിക്കാൻ പര്യാപ്തമാണെന്നും അദ്ദേഹം പറഞ്ഞു.

ജില്ലാ ലീഡ് ബാങ്ക് മാനേജർ കെ.എസ്. വാസുദേവൻ, കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ എസ്. സാബിർ ഹുസൈൻ, അസി.മിഷൻ കോ-ഓർഡിനേറ്റർ പി.എൻ. സുരേഷ്, ജി. മാത്തുക്കുട്ടി, ബി. ദിനേശ്, മധുസൂദനക്കുറുപ്പ് എന്നിവർ സംസാരിച്ചു.

സുതാര്യ ബാങ്കിംഗ് സംവിധാനം സുസ്ഥിര വികസനത്തിന് എന്ന വിഷയത്തിൽ നടന്ന സെമിനാറിൽ കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ എസ്. സാബിർ ഹുസൈൻ ക്ലാസെടുത്തു. കുടുംബശ്രീ പ്രവർത്തകർ അണിനിരന്ന സന്ദേശയാത്ര പത്തനംതിട്ട നഗരസഭാ ചെയർമാൻ അഡ്വ. എ. സുരേഷ് കുമാർ ഫ്ളാഗ്ഓഫ് ചെയ്തു. അമിത പലിശക്കെതിരായ പ്രതിജ്ഞാ വാചകം പത്തനംതിട്ട നഗരസഭാ സിഡിഎസ് ചെയർപേഴ്സൺ അംബിക വേണു പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. സാബിർ ഹുസൈൻ സ്വാഗതവും അസി. ജില്ലാമിഷൻ കോ-ഓർഡിനേറ്റർ പി.എൻ സുരേഷ് കൃതജ്ഞതയും പറഞ്ഞു.



*ബഹുജന സാമ്പത്തിക സാക്ഷരത ക്യാമ്പയിന്റെ ഭാഗമായി ആഭ്യന്തര വകുപ്പും കുടുംബശ്രീ മിഷനും സംയുക്തമായി പത്തനംതിട്ടയിൽ സംഘടിപ്പിച്ച കുടുംബശ്രീ കൂട്ടായ്മ ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ഡോ.സജി ചാക്കോ ഉദ്ഘാടനംചെയ്യുന്നു*

## എറണാകുളം

കുടുംബശ്രീയും ആഭ്യന്തരവകുപ്പും സംയുക്തമായി സംഘടിപ്പിച്ച സുരക്ഷിത പണമിടപാടുകൾക്കായി കുടുംബശ്രീ കൂട്ടായ്മ ശിൽപശാല ജില്ലാപഞ്ചായത്ത് പ്രസിഡന്റ് അഡ്വ. എൽദോസ് പി. കുന്നപ്പള്ളി തൃക്കാക്കര കമ്മ്യൂണിറ്റി ഹാളിൽ ഉദ്ഘാടനം ചെയ്തു.

ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച കുടുംബശ്രീ ഗവേണിംഗ് ബോഡി അംഗം ഷേർലി സ്റ്റീഫൻ അംഗങ്ങൾക്ക് പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. മിതവ്യയശീലം വളർത്തുക, അമിത പലിശയുടെ ദൂഷ്യവശങ്ങൾ, സുരക്ഷിത പണമിടപാടുകൾ എങ്ങനെ നടത്താം, തുടങ്ങിയ വിഷയങ്ങൾ ശിൽപശാലയിൽ ചർച്ച ചെയ്തു. ഏറ്റവും കാര്യക്ഷമമായി വായ്പകൾ തിരിച്ചടക്കുന്ന ഏജൻസിയാണ് കുടുംബശ്രീ എന്ന് ചർച്ചകളിൽ പങ്കെടുത്ത എൽ.ഡി.എം കെ.ആർ. ജയപ്രകാശ് അഭിപ്രായപ്പെട്ടു.

ശിൽപശാലയ്ക്കു മുന്നോടിയായി നടന്ന സന്ദേശയാത്ര തൃക്കാക്കര അസി.കമ്മീഷണർ സേവ്യർ സെബാസ്റ്റ്യൻ ഫ്ളാഗ്ഓഫ് ചെയ്തു. ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ എം.എൻ. പ്രഭാകരൻ, എഫ്.എൽ.സി കൗൺസിലർ എം.പി. വർഗീസ്, കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ ടാനി തോമസ്, അസി.കോ-ഓർഡിനേറ്റർമാരായ സന്തോഷ്. പി. അഗസ്റ്റിൻ, മഞ്ജു.വി എന്നിവരും എഫ്.എൽ.സി കൗൺസിലർമാരും ശിൽപശാലയ്ക്ക് നേതൃത്വം നൽകി. ഓപ്പറേഷൻ കുബേരയുടെ ഭാഗമായി സംസ്ഥാനമൊട്ടാകെ നടത്തിയ ബോധവൽക്കരണത്തിന്റെ ഭാഗമാണ് ശിൽപശാല.



*കുടുംബശ്രീയും ആഭ്യന്തരവകുപ്പും സംയുക്തമായി സംഘടിപ്പിച്ച സുരക്ഷിത പണമിടപാടുകൾക്കായി കുടുംബശ്രീ കൂട്ടായ്മ ശിൽപശാല ജില്ലാപഞ്ചായത്ത് പ്രസിഡന്റ് അഡ്വ.എൽദോസ് പി. കുന്നപ്പള്ളി ഉദ്ഘാടനം ചെയ്യുന്നു*



*കുടുംബശ്രീയും ആഭ്യന്തരവകുപ്പും ചേർന്ന് സംഘടിപ്പിച്ച സാമ്പത്തിക സാക്ഷരതാ പരിപാടിയുടെ ജില്ലാതല ഉദ്ഘാടനം ടൗൺഹാളിൽ മേയർ രാജൻ പല്ലൻ നിർവഹിക്കുന്നു*

## തൃശൂർ

കൊള്ളപ്പലിശക്കാരിൽ നിന്നും സാധാരണക്കാരെ രക്ഷിക്കാൻ കുടുംബശ്രീയും ആഭ്യന്തരവകുപ്പും ചേർന്ന് സാമ്പത്തിക സാക്ഷരതാ പരിപാടിയുടെ ജില്ലാതല ഉദ്ഘാടനം ടൗൺഹാളിൽ മേയർ രാജൻ പല്ലൻ നിർവഹിച്ചു. സമ്മേളനത്തിനു മുമ്പ് ഇൻഡോർ സ്റ്റേഡിയത്തിൽ നിന്നും ആരംഭിച്ച സന്ദേശയാത്ര ജില്ലാ പോലീസ് സൂപ്രണ്ട് എൻ. വിജയകുമാർ ഫ്ളാഗ്ഓഫ് ചെയ്തു.

സുരക്ഷിത പണമിടപാടിനായി കുടുംബശ്രീ കൂട്ടായ്മ എന്നതാണ് പരിപാടിയുടെ മുദ്രാവാക്യം. ഇതിന്റെ ഭാഗമായി ബാങ്കുകൾ നൽകുന്ന സേവനങ്ങളെക്കുറിച്ചും വായ്പ ലഭിക്കാൻ ആവശ്യമായ നടപടിക്രമങ്ങളെക്കുറിച്ചും പഞ്ചായത്തുതോറും ബോധവൽക്കരണം നടത്തും.

സമ്മേളനത്തിൽ ജില്ലാപഞ്ചായത്ത് പ്രസിഡന്റ് സി.സി. ശ്രീകുമാർ അദ്ധ്യക്ഷനായി. ജില്ലാകളക്ടർ എം.എസ്. ജയ, എ.സി.പി രാധാകൃഷ്ണൻ, കുടുംബശ്രീ ഗവേണിംഗ് ബോഡി അംഗം രാജേന്ദ്രൻ അരങ്ങത്ത്, ക്രൈം ഡിറ്റാച്ച്മെന്റ് ഡിവൈഎസ്പി സാജൻ കോയക്കൽ, എൽ.ഡി.എം അന്നമ്മ സൈമൺ, നബാർഡ് എജിഎം. മണികുമാർ, ഗിരിജ ഭാസ്കരൻ, ശോഭ ജയദാസൻ, എഡിഎംസിമാരായ ഡോ. ബിന്ദു.പി. വർഗീസ്, പി.എം. ഹംസ എന്നിവർ സംസാരിച്ചു.

## ആലപ്പുഴ

ആഭ്യന്തരവകുപ്പും കുടുംബശ്രീ ജില്ലാമിഷനും ചേർന്നു സുരക്ഷിത പണമിടപാടിനായി സംഘടിപ്പിച്ച കുടുംബശ്രീ കൂട്ടായ്മ ജില്ലാ കളക്ടർ എൻ. പത്മകുമാർ ഉദ്ഘാടനം ചെയ്തു. ആലപ്പുഴ നഗരസഭ ക്ഷേമകാര്യ സ്ഥിരംസമിതി അദ്ധ്യക്ഷൻ സി. അരവിന്ദാക്ഷൻ അദ്ധ്യക്ഷത വഹിച്ചു.

സാമൂഹിക പ്രതിബദ്ധതയോടെ പ്രവർത്തിക്കുന്ന കുടുംബശ്രീ ജനങ്ങളെ വഞ്ചിക്കുന്ന സ്വകാര്യ പണമിടപാടുകാരുടെ ദുഷ്പ്രവർത്തികളെ ബഹുജനങ്ങളിൽ എത്തിക്കണമെന്ന് കളക്ടർ പറഞ്ഞു.

പോലീസ് നൽകുന്ന പിന്തുണ സംവിധാനങ്ങളെക്കുറിച്ചു ഡിവൈഎസ്പി രാധാകൃഷ്ണപിള്ള വിശദീകരിച്ചു. സെമിനാറിൽ ലീഗൽ സർവീസ് അതോറിറ്റി സബ് ജഡ്ജ് ഷാജഹാൻ സാമ്പത്തിക ക്രയവിക്രയങ്ങളിലെ നിയമപരിരക്ഷയെ സംബന്ധിച്ച് ക്ലാസുകൾ നയിച്ചു. നബാർഡ് എ.ജി.എം രഘുനാഥപിള്ള, ലീഡ് ബാങ്ക് മാനേജർ ശശികുമാർ എന്നിവർ സ്വകാര്യ പണമിടപാടുകളിലെ ദൂഷ്യവശങ്ങളെക്കുറിച്ചും ക്ലാസുകൾ നയിച്ചു. കുടുംബശ്രീ പ്രവർത്തകർ പങ്കെടുത്ത സന്ദേശയാത്ര വനിതാ സെൽ സർക്കിൾ ഇൻസ്പെക്ടർ പ്രസന്ന അമ്പൂരാത്ത് ഫ്ളാഗ്ഓഫ് ചെയ്തു

കൗൺസിലർമാരായ തോമസ് ജോസഫ്, എ.എ. റസാഖ്, മുസ്ലിം ലീഗ് ജില്ലാ പ്രസിഡന്റ് എ.എം. നസീർ, യു.ഡി.എഫ് പാർലമെന്ററി കമ്മിറ്റി നേതാവ് തോമസ് ജോസഫ് ആലപ്പുഴ നോർത്ത് സിഡിഎസ് ചെയർപേഴ്സൺ ഷീല ജയിംസ് എന്നിവർ പ്രസംഗിച്ചു. അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ സുജ ഈപ്പൻ സ്വാഗതവും ആലപ്പുഴ നോർത്ത് സി.ഡി.എസ് ചെയർപേഴ്സൺ രാജേശ്വരി കൃതജ്ഞതയും പറഞ്ഞു.



*ആഭ്യന്തരവകുപ്പും കുടുംബശ്രീ ജില്ലാമിഷനും ചേർന്നു സുരക്ഷിത പണമിടപാടിനായി സംഘടിപ്പിച്ച കുടുംബശ്രീ കൂട്ടായ്മ ജില്ലാ കളക്ടർ എൻ. പത്മകുമാർ ഉദ്ഘാടനം ചെയ്യുന്നു*

## കോട്ടയം

കുടുംബശ്രീ ജില്ലാമിഷന്റെ സാമ്പത്തിക സാക്ഷരതാ പ്രചാരണ പരിപാടിയുടെ ഭാഗമായി സന്ദേശയാത്രയും ശിൽപശാലയും സംഘടിപ്പിച്ചു. കോട്ടയം പോലീസ് പരേഡ് ഗ്രൗണ്ടിൽ നിന്ന് ആരംഭിച്ച സന്ദേശയാത്ര ഡിവൈഎസ്പി കെ.എം. ആന്റോ ഫ്ളാഗ്ഓഫ് ചെയ്തു.

സുരക്ഷിത പണമിടപാടിനായി കുടുംബശ്രീ കൂട്ടായ്മ എന്ന വിഷയത്തിൽ ജില്ലാപഞ്ചായത്ത് പ്രസിഡന്റ് നിർമ്മല ജിമ്മി മുഖ്യപ്രഭാഷണം നടത്തി.

എഡിഎം ടി.വി. സുഭാഷ് സന്ദേശം നൽകി. ജില്ലാപഞ്ചായത്ത് വൈസ്പ്രസിഡന്റ് അഡ്വ.ഫിൽസൺ മാത്യൂസ് പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ലീഡ് ബാങ്ക് ജില്ലാ മാനേജർ നാരായണൻ ക്ലാസെടുത്തു. കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ സി. ശോഭാലക്ഷ്മി സ്വാഗതവും എൽ. സുദർശനൻ നന്ദിയും പറഞ്ഞു.



*കുടുംബശ്രീ ജില്ലാമിഷന്റെ സാമ്പത്തിക സാക്ഷരതാ പ്രചാരണ പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ച സന്ദേശയാത്ര ഡിവൈഎസ്പി കെ.എം. ആന്റോ ഫ്ളാഗ്ഓഫ് ചെയ്യുന്നു*

## പാലക്കാട്

സുരക്ഷിത പണമിടപാടിനായി കുടുംബശ്രീ കൂട്ടായ്മ എന്ന സന്ദേശവുമായി പാലക്കാട് കുടുംബശ്രീ ജില്ലാമിഷന്റെയും ആഭ്യന്തര വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിച്ച സെമിനാർ വനിതാ കമ്മീഷൻ അംഗം കെ.എ തുളസി ഉദ്ഘാടനം ചെയ്തു. ലീഡ് ബാങ്ക് മാനേജർ പ്രദീപ് കുമാർ അദ്ധ്യക്ഷത വഹിച്ചു.

പരിപാടിയോടനുബന്ധിച്ചു സംഘടിപ്പിച്ച സന്ദേശയാത്ര ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് മുഹമ്മദ് കാസിം ഫ്ളാഗ്ഓഫ് ചെയ്തു.

ജില്ലാതല സെമിനാറിൽ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ പി. ഉണ്ണികൃഷ്ണൻ സ്വാഗതം പറഞ്ഞു. എ. മൊയ്തീൻ യാത്ര നയിച്ചു. കുടുംബശ്രീ ചെയർപേഴ്സൺമാർ, എ.ഡി.എസ്, അയൽക്കൂട്ട ഭാരവാഹികൾ, ജില്ലാമിഷൻ ഉദ്യോഗസ്ഥർ എന്നിവർ യാത്രയിൽ പങ്കെടുത്തു. അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ കെ.വി. രാധാകൃഷ്ണൻ കൃതജ്ഞത പറഞ്ഞു



*പാലക്കാട് കുടുംബശ്രീ ജില്ലാമിഷന്റെയും ആഭ്യന്തരവകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിച്ച സെമിനാറിന്റെ ഉദ്ഘാടനം വനിതാ കമ്മീഷൻ അംഗം കെ. എ തുളസി ഉദ്ഘാടനം ചെയ്യുന്നു*

# സുരക്ഷിത പണമിടപാടിന് കുടുംബശ്രീ കൂട്ടായ്മ
# ബഹുജന സാമ്പത്തിക സാക്ഷരത പരിപാടി– ജില്ലകളിലൂടെ

## മലപ്പുറം

സുരക്ഷിത പണമിടപാടിനായി കുടുംബശ്രീ ജില്ലാമിഷൻ സംഘടിപ്പിച്ച കുടുംബശ്രീ കൂട്ടായ്മ ജില്ലാതല സന്ദേശയാത്രയും ശിൽപശാലയും ഇ. അഹമ്മദ് എം.പി. ഉദ്ഘാടനം ചെയ്തു. മലപ്പുറം നഗരസഭാ ചെയർമാൻ കെ.പി. മുഹമ്മദ് മുസ്തഫ അദ്ധ്യക്ഷത വഹിച്ചു.

കൊള്ളപ്പലിശക്കാരിൽ നിന്നും ബ്ലേഡ്മാഫിയകളിൽ നിന്നും നാടിനെ രക്ഷിക്കാൻ കുടുംബശ്രീ പ്രവർത്തകർക്ക് കഴിയുമെന്നും നാടിനെയും കുടുംബങ്ങളെയും അടുത്തറിയുന്ന കുടുംബശ്രീ പ്രവർത്തകർക്ക് ഇത്തരക്കാരുടെ ചൂഷണങ്ങളിൽ നിന്നും സമൂഹത്തെ ബോധവൽക്കരിക്കാനാകും. ആഭ്യന്തര, സാമൂഹികനീതി വകുപ്പ് സംയുക്തമായി സംസ്ഥാനവ്യാപകമായി നടത്തുന്ന പദ്ധതി കൊള്ളപ്പലിശക്കാർക്കെതിരെയുള്ള വൻമുന്നേറ്റമാകും. കുടുംബശ്രീ ഏറ്റെടുത്ത കാര്യങ്ങളെല്ലാം വിജയകരമാക്കിയിട്ടുണ്ട്. കുടുംബശ്രീ പ്രവർത്തകരും ഉദ്യോഗസ്ഥരും നടത്തുന്ന കൂട്ടായ



കുടുംബശ്രീ ജില്ലാമിഷൻ സംഘടിപ്പിച്ച കുടുംബശ്രീ കൂട്ടായ്മ ജില്ലാതല സന്ദേശയാത്രയും ശിൽപശാലയും ഇ. അഹമ്മദ് എം.പി. ഉദ്ഘാടനം ചെയ്യുന്നു

പ്രവർത്തനം കൊണ്ടാണ് ഇതു സാധ്യമാകുന്നതെന്നും എം.പി പറഞ്ഞു.

ജില്ലാമിഷൻ കോ-ഓർഡിനേറ്റർ കെ. മുഹമ്മദ് ഇസ്മായിൽ സ്വാഗതം പറഞ്ഞു. ക്രൈം ഡിറ്റാച്മെന്റ് എസ്.ഐ. കെ. ഭാസ്കരൻ മുഖ്യപ്രഭാഷണം നടത്തി. നഗരസഭാ വൈസ് ചെയർപേഴ്സൺ കെ.എം. ഗിരിജ, നബാർഡ് ഡി.ജിഎം. പത്മകുമാർ, ലീഡ് ബാങ്ക് മാനേജർ എം.പി. സത്യനാരായണൻ എന്നിവർ സംസാരിച്ചു. അസിസ്റ്റന്റ് ജില്ലാമിഷൻ കോ-ഓർഡിനേറ്റർ ഹഫീസ് ഷാഹി നന്ദി പറഞ്ഞു.

## ബഹുജന സാമ്പത്തിക സാക്ഷരത പരിപാടി: പ്രധാന ലക്ഷ്യങ്ങൾ

ബാങ്കിംഗ് നടപടിക്രമങ്ങളെയും പ്രവർത്തനങ്ങളെയും സംബന്ധിച്ച് അൽക്കൂട്ട അംഗങ്ങൾക്ക് പ്രാഥമിക അറിവും ധാരണയും രൂപപ്പെടുത്തുക, വിവിധ ബാങ്കിംഗ് സേനങ്ങൾ, അവ ഫലപ്രദമായി ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്നിവയെ കുറിച്ച് ബോധ്യപ്പെടുത്തുക, സ്വകാര്യ ധന ഇടപാടു സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും അമിത പലിശക്ക് വായ്പ എടുക്കുന്നതിന്റെ ദോഷഫലങ്ങൾ മനസിലാക്കിക്കൊടുക്കുക, ബാങ്കുകൾ, അയൽക്കൂട്ടങ്ങൾ, സിഡിഎസുകൾ എന്നിവയിൽ നിന്നും ലഭ്യമാക്കുന്ന വായ്പകളുടെ കൃത്യമായ തിരിച്ചടവിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുക, ബാങ്കിംഗ് സംവിധാനത്തിന്റെ സാധ്യതകൾ പൂർണമായും പ്രയോജനപ്പെടുത്തി സുസ്ഥിരമായ സാമ്പത്തികസ്ഥിതി കൈവരിക്കാൻ അയൽക്കൂട്ടങ്ങളെ പ്രേരിപ്പിക്കുക, അയൽക്കൂട്ടങ്ങൾക്കായുള്ള ബാങ്കുകളുടെ വിവിധ പദ്ധതികളെ പ്രയോജനപ്പെടുത്തുക, ഗുണഭോക്താക്കൾക്ക് ബാങ്കുകളുമായുള്ള ഇടപാടുകൾ സംബന്ധിച്ച പരാതി പരിഹാരത്തിനുള്ള സംവിധാനങ്ങളെ പ്രയോജനപ്പെടുത്തുന്നതിനുള്ള അറിവും കഴിവും വികസിപ്പിക്കുക, ബാങ്കുകളും കുടുംബശ്രീയും തമ്മിലുള്ള ബന്ധം ദൃഢമാക്കുന്നതിനുള്ള പശ്ചാത്തലം ഒരുക്കുക എന്നിവയാണ് ബഹുജന സാമ്പത്തിക സാക്ഷരതാ ക്യാമ്പെയ്ന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

## വയനാട്

സാമ്പത്തിക സാക്ഷരത ക്യാമ്പയിന്റെ ജില്ലാതല ഉദ്ഘാടനം ജില്ലാപഞ്ചായത്ത് പ്രസിഡന്റ് എൻ.കെ. റഷീദ് നിർവഹിച്ചു. കുടുംബശ്രീ ഭരണ നിർവഹണ സമിതി അംഗം അഡ്വ.എൻ.എ. ഖാലിദ് അദ്ധ്യക്ഷത വഹിച്ചു.

വർദ്ധിച്ചുവരുന്ന സാമ്പത്തിക ചൂഷണത്തിനെതിരെയും മിതവ്യയ സന്ദേശം പ്രചരിപ്പിക്കുന്നതിനുമായി കുടുംബശ്രീ സംഗമങ്ങളും പ്രത്യേക അയൽക്കൂട്ടങ്ങളും ഇതിന്റെ ഭാഗമായി വിളിച്ചുചേർക്കും. റിസർവ് ബാങ്ക്, എസ്എൽബിസി, ലീഡ്ബാങ്ക്, സാമ്പത്തിക സാക്ഷരതാ കേന്ദ്രങ്ങൾ എന്നിവയുടെ സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിക്കുക.

രണ്ടുഘട്ടമായി നടത്തുന്ന പ്രചാരണ പരിപാടിയിൽ ആദ്യമായി ബാങ്കിംഗ് സേവനങ്ങളെക്കുറിച്ചും അവ എളുപ്പത്തിൽ ലഭിക്കാനുള്ള നടപടിക്രമങ്ങളെ



വയനാട്ടിൽ സാമ്പത്തിക സാക്ഷരത ക്യാമ്പയിന്റെ ജില്ലാതല ഉദ്ഘാടനം ജില്ലാപഞ്ചായത്ത് പ്രസിഡന്റ് എൻ.കെ. റഷീദ് നിർവഹിക്കുന്നു

ക്കുറിച്ചും ബോധ്യപ്പെടുത്തും. സ്വകാര്യ ധനമിടപാട് സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും അമിത പലിശയ്ക്ക് കടമെടുക്കുന്നത് നിരുത്സാഹപ്പെടുത്തുകയാണ് ലക്ഷ്യം.

ജില്ലാ പോലീസ് മേധാവി പുട്ട വിമലാദിത്യ, ഡിവൈഎസ്പി എസ്. പ്രഭാകരൻ, ലീഡ് ബാങ്ക് മാനേജർ എം.വി. രവീന്ദ്രൻ, നബാർഡ് ഡിഡിഎം എസ്. സജികുമാർ, കെ.കെ. മുംതാസ് കാസിം, കെ. ശശിധരൻ നായർ എന്നിവർ പ്രസംഗിച്ചു. ജില്ലാമിഷൻ കോ-ഓർഡിനേറ്റർ പി.പി. മുഹമ്മദ് സ്വാഗതവും കൺസൾട്ടന്റ് പി.കെ സുഹൈൽ കൃതജ്ഞതയും പറഞ്ഞു.

## കോഴിക്കോട്

ആഭ്യന്തരവകുപ്പും കുടുംബശ്രീയും സുരക്ഷിത പണമിടപാടിന് കുടുംബശ്രീ കൂട്ടായ്മ എന്ന പേരിൽ നടത്തിയ സാമ്പത്തിക സാക്ഷരത ക്യാമ്പയിന്റെ ജില്ലാതല ഉദ്ഘാടനം ജില്ലാപഞ്ചായത്ത് പ്രസിഡന്റ് കെ. ജമീല നിർവഹിച്ചു. കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ കെ.കെ. മുഹമ്മദ് ഫൈസൽ അദ്ധ്യക്ഷത വഹിച്ചു.

കൊള്ളപ്പലിശക്കാർ ആരെയെങ്കിലും ദ്രോഹിക്കുന്നതായി വിവരം കിട്ടിയാൽ 24 മണിക്കൂറിനകം നടപടിയെടുക്കുമെന്ന് സിറ്റി പോലീസ് കമ്മീഷണർ എ.വി. ജോർജ് ഉറപ്പു നൽകി ബ്ലേഡ് മാഫിയായുടെ അക്രമങ്ങളെക്കുറിച്ച് ആർക്കും നിർഭയം പോലീസിൽ അറിയിക്കാം. വിളിച്ച ആളിന്റെ വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കും. നമ്മുടെ അയൽപക്കങ്ങളിൽ ആരെങ്കിലും മാനസികമായോ അല്ലാതയോ കൊള്ളപ്പലിശക്കാരാൽ പീഡിപ്പിക്കപ്പെടുന്നുണ്ടെങ്കിൽ അത് വേണ്ടപ്പെട്ട വരെ അറിയിക്കാനും പരിഹാരമുണ്ടാക്കാനും കുടുംബശ്രീ പ്രവർത്തകർ മുൻകൈയ്യെ



കോഴിക്കോട്ട് സംഘടിപ്പിച്ച ജില്ലാതല സാമ്പത്തിക സാക്ഷരത ക്യാമ്പയ്ൻ ജില്ലാപഞ്ചായത്ത് പ്രസിഡന്റ് കെ. ജമീല ഉദ്ഘാടനം ചെയ്യുന്നു

ടുക്കണമെന്നും കമ്മീഷണർ പറഞ്ഞു.

ലീഡ് ബാങ്ക് ഡിസ്ട്രിക്ട് മാനേജർ കെ. ഭുവൻദാസ് കുടുംബശ്രീ ഭരണ നിർവഹണ സമിതി അംഗം എസ്.പി. കുഞ്ഞഹമ്മദ്, ഗവേണിംഗ്ബോഡി അംഗം ജീജാദാസ്, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സെക്രട്ടറി ബിജു താന്നിക്കാക്കുഴി, രാമനാട്ടുകര സിഡിഎസ് ചെയർപേഴ്സൺ എ. ശശികല, കോർപ്പറേഷൻ കുടുംബശ്രീ പ്രോജക്ട് ഓഫീസർ എം.വി. റംസി ഇസ്മായിൽ എന്നിവർ പ്രസംഗിച്ചു. അസി.കോ-ഓർഡിനേറ്റർ പി.കെ. അസീസ് സ്വാഗതവും കെ.എം അബ്ദുൾ നിസാർ നന്ദിയും പറഞ്ഞു.

## കാസർകോട്

സുരക്ഷിത പണമിടപാടിന് കുടുംബശ്രീ കൂട്ടായ്മ എന്ന പേരിൽ ജില്ലാ കുടുംബശ്രീ മിഷൻ ആഭ്യന്തര വകുപ്പിന്റെ സഹകരണത്തോടെ കാസർകോട് മുനിസിപ്പൽ ടൗൺഹാളിൽ സംഘടിപ്പിച്ച പരിപാടി പി. കരുണാകരൻ എം.പി ഉദ്ഘാടനം ചെയ്തു. കാസർകോഡ് നഗരസഭാ ചെയർമാൻ ടി.ഇ. അബ്ദുള്ള അദ്ധ്യക്ഷത വഹിച്ചു.



കുടുംബശ്രീ സംഘടിപ്പിച്ചു സാമ്പത്തിക സാക്ഷരതാ വിദ്യാഭ്യാസ പ്രവർത്തന പരിപാടിയിൽ ജില്ലാ പോലീസ് മേധാവി തോംസൺ ജോസ് സംസാരിക്കുന്നു

കുടുംബത്തിൽ സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്താനും പലിശക്കാരുടെ ചതിക്കുഴിയിൽ വീഴാതിരിക്കാനും ശ്രദ്ധിക്കണം. വീടുപണിയുന്നതിനും വിദേശ തൊഴിലിനും മറ്റുമായാണ് ജില്ലയിൽ സ്ത്രീകൾ കൂടുതലായി കൊള്ളപ്പലിശക്കരെ ആശ്രയിക്കുന്നത്. ഇതിനായി പലിശക്കാർക്ക് വസ്തു പണയപ്പെടുത്തുന്നവരുമുണ്ട്. ഇത് സാമ്പത്തിക കുരുക്കിൽപ്പെടുത്തും. കുടുംബശ്രീ പ്രവർത്തകർ മൈക്രോഫിനാൻസിലൂടെയും ദേശസാത്കൃത-സഹകരണ ബാങ്കുകളിലൂടെയും സുരക്ഷിത സാമ്പത്തിക ഇടപാടുകൾക്ക് ശ്രമിക്കണമെന്ന് കൂട്ടായ്മയിൽ വിദഗ്ധർ നിർദ്ദേശിച്ചു.

ജില്ലാപഞ്ചായത്ത് പ്രസിഡന്റ് അഡ്വ.പി,പി. ശ്യാമളാദേവി, ജില്ലാ പോലീസ് മേധാവി തോംസൺ ജോസ് എന്നിവർ മുഖ്യാതിഥികളായിരുന്നു. ലീഡ്ബാങ്ക് ചീഫ് മാനേജർമാരായ അജിത്കുമാർ മേനോൻ, അരവിന്ദാക്ഷൻ, സിഡിഎസ് ചെയർപേഴ്സൺ ഷക്കീല മജീദ്, കുടുംബശ്രീ സ്കിൽ കൺസൾട്ടന്റ് എം. രേഷ്മ എന്നിവർ സംസാരിച്ചു. സുരക്ഷിത പണമിടപാടിന് കുടുംബശ്രീ എന്ന വിഷയത്തിൽ രാമകൃഷ്ണൻ ക്ലാസെടുത്തു.

കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ അബ്ദുൾ മജീദ് ചെമ്പരിക്ക സ്വാഗതവും അസി.ജില്ലാമിഷൻ കോ-ഓർഡിനേറ്റർ കെ.വി വിജയൻ നന്ദിയും പറഞ്ഞു.

## കണ്ണൂർ

സുരക്ഷിത പണമിടപാടിനായി കുടുംബശ്രീ കൂട്ടായ്മ എന്ന സന്ദേശവുമായി സംസ്ഥാന ആഭ്യന്തരവകുപ്പും കുടുംബശ്രീ മിഷനും ചേർന്നു നടത്തുന്ന ബഹുജന സാമ്പത്തിക സാക്ഷരത ജില്ലാതല പരിപാടി ജില്ലാപഞ്ചായത്ത് പ്രസിഡന്റ് പ്രഫ.കെ.എ. സരള ഉദ്ഘാടനം ചെയ്തു. കളക്ടർ പി. ബാലകിരൺ അധ്യക്ഷത വഹിച്ചു.

പോലീസിന്റെ ഭാഗത്തു നിന്ന് ലഭ്യമാകുന്ന സേവനങ്ങളെ കുറിച്ച് കൂത്തുപറമ്പ് സി.ഐ കെ.വി. വേണുഗോപാലും ബാങ്കിംഗ് സേവനങ്ങളെക്കുറിച്ച് ഫിനാൻഷ്യൽ ലിറ്ററസി കൗൺസിലർ ധനഞ്ജയനും ക്ലാസെടുത്തു.

മാങ്ങാട്ടിടം സ്വദേശിയായ രമ, പടിയൂർ സ്വദേശിയായ വിജയലക്ഷ്മി എന്നിവർ അമിത പലിശചൂഷണത്തിന് ഇരയായതിന്റെ അനു



ആഭ്യന്തരവകുപ്പും കുടുംബശ്രീ മിഷനും ചേർന്നു നടത്തുന്ന ബഹുജന സാമ്പത്തിക സാക്ഷരത ജില്ലാതല പരിപാടി ജില്ലാപഞ്ചായത്ത് പ്രസിഡന്റ് പ്രഫ.കെ.എ. സരള ഉദ്ഘാടനം ചെയ്യുന്നു

ഭവം സാക്ഷ്യപ്പെടുത്തി. നഗരസഭ അധ്യക്ഷ റോഷ്നി ഖാലിദ്, ക്രൈം ഡിറ്റാച്ച്മെന്റ് ഡി.വൈ.എസ്പി ടി.പി. പ്രേമരാജൻ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്സ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് പി.ടി. മാത്യു, കുടുംബശ്രീ ഭരണ നിർവഹണ സമിതി അംഗം എസ്.പി. കുഞ്ഞഹമ്മദ്, അസി.ജില്ലാമിഷൻ കോ-ഓർഡിനേറ്റർ സി. ഉസ്മാൻ എന്നിവർ പ്രസംഗിച്ചു

## വായനവാരാചരണം: പുസ്തക പ്രകാശനവും ക്ളബ്ബുകളുടെ ഉദ്ഘാടനവും

വയനാട്ടിൽ കണിയാമ്പറ്റ മോഡൽ റസിഡൻഷ്യൽ സ്കൂളിൽ വായനാദിനത്തിന്റെ ഭാഗമായി വായനവാരാചരണ ഉദ്ഘാടനവും പുസ്തക പ്രകാശനവും വയനാട് അഡീഷണൽ ജില്ലാ മജിസ്ട്രേട്ട് കെ.ഗണേശൻ നിർവഹിച്ചു. സ്കൂൾ ഹെഡ്മാസ്റ്റർ എൻ.ഡി തോമസ് അദ്ധ്യക്ഷത വഹിച്ചു.

പി.എൻ പണിക്കർ അനുസ്മരണം സി.എസ് ഗായത്രിയും പുസ്തക പരിചയം വി.എം ആതിരയും നിർവഹിച്ചു. ഷാജി പുൽപ്പള്ളി മുഖ്യപ്രഭാഷണം നടത്തി. കഥ, കവിത, വായനാക്കുറിപ്പുകൾ എന്നിവയുടെ കയ്യെഴുത്ത് സമാഹാരമായ മഷിപ്പാടുകൾ എ.ഡി.എം കെ. ഗണേശൻ ഷാജി പുൽപ്പള്ളിക്കു നൽകി പ്രകാശനം നടത്തി.

ഐ.ടി.ഡി.പി സീനിയർ സൂപ്രണ്ട് ആർ.പ്രസന്നൻ, സ്കൂൾ സീനിയർ അസിസ്റ്റന്റ് മേരി ട്രീസ, സ്കൂൾ ലീസഡർ ആശാ.പിശശി, പി.സി.ജയലക്ഷ്മി, എം.സൽമ, സി.യു ഉണ്ണികൃഷ്ണൻ എന്നിവർ പ്രസംഗിച്ചു. വിദ്യാരംഗം കൺവീനർ ബി.വിനോദ് സ്വാഗതവും സ്റ്റാഫ് സെക്രട്ടറി പി.കെ സൗമിനി നന്ദിയും പറഞ്ഞു.

## സി. ഡി. എസ്– എ. ഡി. എസ് അയൽക്കൂട്ട ഗ്രേഡിംഗ്: ദ്വിദിന പരിശീലനം സംഘടിപ്പിച്ചു

കുടുംബശ്രീ പാലക്കാട് ജില്ലാമിഷന്റെ ആഭിമുഖ്യത്തിൽ മികച്ച സി.ഡി.എസ്, എ.ഡി.എസ്, അയൽക്കൂട്ടം എന്നിവ ഗ്രേഡു ചെയ്യുന്നതിനായി കാസർകോട്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിലെ കുടുംബശ്രീ പരിശീലന ഗ്രൂപ്പുകൾക്ക് ദ്വിദിന പരിശീലനം നൽകി.

ജില്ലാമിഷൻ കോ-ഓർഡിനേറ്റർ പി. ഉണ്ണികൃഷ്ണൻ പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു. കുടുംബശ്രീ ജെൻഡർ ടീം ലീഡർ സോയ തോമസ് അദ്ധ്യക്ഷത വഹിച്ചു. കുടുംബശ്രീ മൈക്രോ ഫിനാൻസ് ടീം ലീഡർ അനീഷ് കുമാർ സ്വാഗതം പറഞ്ഞു. സംസ്ഥാന ഫാക്കൽറ്റി അംഗങ്ങളായ കൃഷ്ണൻകുട്ടി, ജയൻ പൂക്കോട്, മനു, ജൂബിലി വിനോദ് എന്നിവർ ക്ളാസുകൾ നയിച്ചു. വിവിധ ജില്ലാ മിഷൻ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർമാരായ വിജയൻ, സലാം, ഉസ്മാൻ.സി, കെ.വി.രാധാകൃഷ്ണൻ, മുംതാസ് കാസിം, എന്നിവർ ആശംസാ പ്രസംഗം നടത്തി. വിവിധ ജില്ലകളിൽ നിന്നുള്ള പരിശീലന ഗ്രൂപ്പുകളായ സ്പാരോ(പാലക്കാട്), ആർട്ട്(മലപ്പുറം), ട്രൈസാത്ത്(വയനാട്), എക്സാത്ത്(കോഴിക്കോട്), മിത്ര(കണ്ണൂർ), ഡി.ടി.സി(കാസർകോട്) എന്നീ പരിശീലന ഗ്രൂപ്പിലെ 120 അംഗങ്ങൾ, വിവിധ ജില്ലാ മിഷൻ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർമാർ എന്നിവർ പരിശീലന പരിപാടിയിൽ പങ്കെടുത്തു.

Printed and published by K.B.Valsalakumari, Executive Director, Kudumbashree, State Poverty Eradication Mission- Government of Kerala, 2ndFloor, TRIDA Building, Chalakkuzhi Road, Medical College P.O., Thiruvananthapuram 695011. Layout: Communique, Tvpm, Printed at: KBPS, Kakkanad, Kochi-30. Managing Editor: S.Padmanabha Pillai. Editorial Assistant: Asha.S. Panicker.
email: spempro2012@gmail.com
For private circulation